മുപ്പത്തിരണ്ടു കോടി രൂപയുടെ വർക്കുകൾക്ക് ഒരു വർഷം സാംഗ്ഷൻ കിട്ടാറുണ്ട്. അത് 50 കോടിരൂപയായി ഉയർത്താൻ കഴിഞ്ഞ 2 വർഷമായി കഴിഞ്ഞിട്ടുണ്ട്. എങ്കിലും അത് വളരെ അപര്യാപ്തമാണ്. കേരളത്തിലെ ദേശീയപാതകളുടെ സ്ഥിതി മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ ശോചനീയമാണ്. ദേശീയപാതയുടെ നിലവാരത്തിലുള്ള രണ്ടുവരിപ്പാത ഇവിടെ 35 ശതമാനമേയുള്ളൂ. തമിഴ്നാട്ടിൽ ഏതാണ്ട് അത് 90 ശതമാനമായിട്ടുണ്ട്. രണ്ടുവരിപ്പാതയുടെ നിലവാരത്തിലെങ്കിലും ഉയർത്തണമെങ്കിൽ വൻതോതിലുള്ള മുതൽമുടക്ക് ഇനിയും ആവശ്യമാണ്. നമ്മൾ ഇവിടെ നിന്നു മയയ്ക്കുന്ന പ്രൊപ്പോസൽസ് ഓരോ കാരണങ്ങൾ പറഞ്ഞ് തിരിച്ചയയ്ക്കും. ഇത്തരത്തിൽ നീട്ടിക്കൊണ്ടുപോകുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഈ വർക്കുകളുടെ കാര്യത്തിൽ കൺസൾട്ടൻസിയുടെ നിർദ്ദേശങ്ങളുമായിട്ട് അയച്ചിരിക്കുകയാണ്. രണ്ടാഴ്ചയ്ക്കൊരിക്കൽ ഇവിടെ നിന്ന് ചീഫ് എൻജിനീയർ അവിടെ പോവുകയും സെക്രട്ടറിയുമായൊക്കെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഉപരിതല ഗതാഗതവകുപ്പുമന്ത്രിയുമായി ഞാൻ പലവട്ടം ചർച്ച ചെയ്തു. തമിഴ്നാട്ടിൽ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞത് തമിഴ്നാട്ടിലുള്ള മന്ത്രി തമ്പിദുരൈയ്ക്കായിരുന്നു അതിന്റെ ചാർജ്ജ്. അതുകൊണ്ട് കുറെ വർക്കുകൾ അവിടെ സാങ്ഷൻ ചെയ്തുവെന്നുള്ളത് ശരിയാണ്. കേരളത്തോട് ഈ കാര്യത്തിൽ തീർച്ചയായും കുറേക്കൂടി അനുഭാവപൂർവമായ നിലപാട് കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെട്ട് റോഡുകളുടെ നെറ്റ്വർക്കുതന്നെ ഉണ്ടാക്കാൻ സംസ്ഥാന ഗവണ്മെന്റ് മുൻകൈയെടുത്തിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.എച്ച്-17, എൻ.എച്ച്-14 എല്ലാം ബന്ധപ്പെടുത്തി ആ മേഖലയിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. സേലം എക്സ്പ്രസ് വേയാണ്. എക്സ്പ്രസ് വേയുടെ കണ്ടീഷനൊക്കെ വളരെ വ്യത്യസ്തമാണ്. അതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്നതേയുള്ളൂ. ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളുടേയും അതായത് മാർത്താണ്ഡവർമ്മ പാലത്തിന്റേയും ആലുവ മുതൽ അങ്കമാലി വരെ നാലുവരിപ്പാതയാക്കുന്നതിന്റേയും നടപടികൾ ത്വരിതപ്പെടുത്തുമെന്നറിയിക്കുന്നു.

<u>ശ്രീ. കെ. മുഹമ്മദാലി</u> : മാർത്താണ്ഡവർമ്മ പാലത്തിന്റെ ടെന്റർ നടപടികൾ ആരംഭിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന്റെ നിർമ്മാണ കാലഘട്ടവും അവിടത്തെ പ്രശ്നങ്ങളും അങ്ങേയ്ക്ക് അറിയാവുന്നതാണ്. കാരണം ഗതാഗതക്കുരുക്കും പ്രശ്നങ്ങളും ..... താൽക്കാലിക പാലം വേണമെന്നുവരെ അവിടെ ആവശ്യം വന്നിരിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ ഒരുവർഷംകൊണ്ട് പൂർത്തിയാകുന്ന നിലയിൽ ടെന്റർ നടപടികൾ ആരംഭിക്കുന്ന സമയത്ത് അതിനുള്ള കണ്ടിഷൻവച്ച് ടെന്റർ ചെയ്യാൻ ഗവണ്മെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : പരമാവധി സമയം കുറയ്ക്കാനുള്ള നടപടി സ്വീകരിക്കും.

(2) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ നിർദ്ദേശാനുസരണം അടച്ചുപൂട്ടാൻ നിർദ്ദേശം നൽകപ്പെട്ട ബി.എഡ്. കോളേജുകളും സെന്ററുകളും

<u>ശ്രീ. ജി. സുധാകരൻ</u> : സർ, കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെയാകെ തകർക്കുന്ന ഗുരുതരമായ ഒരു സംഭവവികാസം കേരളത്തിലുണ്ടായിരിക്കുന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിലുള്ളതാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റ് ഇന്ന് സ്വീകരിക്കുന്നതിനേക്കാൾ വളരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് അറിയിക്കാനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. സർ, കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്ന 29 ബി.എഡ്. പഠന കേന്ദ്രങ്ങൾ അടച്ചുപൂട്ടിക്കുവാൻ കേന്ദ്ര പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിന്റെ മറവിൽ ആ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയായ എൻ.സി.റ്റി.ഇ. ഉത്തരവിറക്കിയിരിക്കുകയാണ്. കേരള സർവ്വകലാശാല പോലെയുള്ള സർവ്വകലാശാലകളുടെ അക്കാഡമിക് ഔന്നത്യത്തെപ്പറ്റി ഞാൻ ഒന്നുംതന്നെ പറയേണ്ടതില്ല. ബ്രിട്ടീഷ് ഭരണകാലത്ത് രാജവാഴ്ചയുള്ള സംസ്ഥാനങ്ങളിൽ, പ്രവിശ്യകളിൽ അഞ്ചാമതായി രൂപീകരിക്കപ്പെട്ട സർവ്വകലാശാലയാണ് കേരള സർവ്വകലാശാല. ബ്രിട്ടീഷ് ഇൻഡ്യയിലെ ആകെ സർവ്വകലാശാലകളുടെ എണ്ണത്തിൽ പതിനാറാമത്തെ സർവ്വകലാശാലയാണിത്. കേരളത്തിലെ മാതൃസർവ്വകലാശാലയും ഇൻഡ്യയിലെ പ്രമുഖ സർവ്വകലാശാലകളിൽ ഒന്നുമായ കേരള സർവ്വകലാശാല നടത്തുന്ന 10 ബി.എഡ്. സെന്ററുകളടക്കം കാലിക്കട്ടിന്റേയും, എം.ജി. യൂണിവേഴ്സിറ്റിയുടേയും സംസ്കൃത യൂണിവേഴ്സിറ്റിയുടേയും കണ്ണൂർ യൂണിവേഴ്സിറ്റിയുടേയും മുൾപ്പെടെ 29 സെന്ററുകൾ അടച്ചുപൂട്ടാൻ 16.11.99-ൽ മലയാള മനോരമയടക്കമുള്ള പത്രങ്ങളിൽ എൻ.സി.റ്റി.ഇ. പബ്ലിക് നോട്ടീസ് നൽകിയിരിക്കുകയാണ്. പരസ്യമായിത്തന്നെ ഈ നാട്ടിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയെ കളങ്കപ്പെടുത്തുന്ന നോട്ടീസ് കൊടുത്തിരിക്കുകയാണ്. എൻ.സി.റ്റി.ഇ. ആവശ്യപ്പെടുന്ന ചില സാങ്കേതിക മേന്മകൾ കാളിറ്റി പ്രിൻസിപ്പിൾസ് നമ്മുടെ ബി.എഡ്. സെന്ററുകളിൽ എത്തിയിട്ടില്ല എന്നുപറഞ്ഞ് അതിന്റെയടിസ്ഥാനത്തിൽ അവർ അംഗീകാരം നൽകുകയില്ല എന്നുപറയുന്നത് ഒരു പരിധിവരെ മനസ്സിലാക്കാം. അതും കടന്ന് ഇവിടെ പബ്ലിക് നോട്ടീസിൽ പറയുകയാണ് The students and public are hereby cautioned not to seek admission in these institutions for B.Ed. ആരാണ് ഈ എൻ.സി.റ്റി.ഇ.? ഞാൻ മനസ്സിലാക്കുന്നത് The law of the land ആ ഇഷ്യൂവിൽ പാർലമെന്റ് പാസ്സാക്കുന്നതാണ്. അങ്ങനെ വന്നാൽ സ്റ്റേറ്റ് ലെജിസ്ലേഷൻ താഴെയാകുമെന്നുള്ളത് നമുക്കറിയാം. പക്ഷെ ഒരു കാര്യം, വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മാത്രമല്ല കേരള ക്യാബിനറ്റിന്റെയാകെ ശ്രദ്ധക്ഷണിക്കുകയാണ്. ഗൗരവമായ ഒരു പ്രശ്നമാണിത്. കേരള സംസ്ഥാനത്ത്. ഇതിനധികാരമില്ലേ? വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണെങ്കിൽ കേരളത്തിലെ സർവ്വകലാശാലകളോടു ചോദിക്കാതെ, കേരളത്തിലെ ഗവണ്മെന്റിനോടു ചോദിക്കാതെ എം.ജി. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്ന് മുടിച്ച, കേരള സർവ്വകലാശാലയുടെ പി.വി.സി. യായിരുന്ന് മുടിച്ച ഒരു സുകുമാരൻ നായരടക്കമുള്ള എൻ.സി.റ്റി.ഇ. 15,000 സീറ്റുകളിലെ അഡ്മിഷൻ നിർത്തിവയ്ക്കണമെന്നുപറയുന്നത് അത്ര നിസ്സാരമാണോ? ആരാണ് ഈ എൻ.സി.റ്റി.ഇ.? ഒരു കമ്മിറ്റിയല്ലേ? കഴിഞ്ഞ വർഷം അഡ്മിഷൻ നടന്ന പതിനയ്യായിരം സീറ്റുകൾ പോകാൻ പോവുകയാണ്. ബി.എഡ്. സെന്ററുകളൊക്കെ എൻ.സി.റ്റി.ഇ. യുടെ പ്രമാണിമാർ വരുന്നതിനു മുൻപ് സ്ഥാപിച്ചതാണ്. മര്യാദയ്ക്ക് മനസ്സിലാക്കണം. എൻ.സി.റ്റി.ഇ. വന്നത് മിനഞ്ഞാന്നാണ്. അതിനു മുൻപ് സ്ഥാപിച്ചതാണ് ഈ സ്ഥാപനങ്ങളൊക്കെ. ആലപ്പുഴ ബി.എഡ്. സെന്ററിനും ബാർട്ടൻഹില്ലിലെ ബി.എഡ്. സെന്ററിനും പത്തു വർഷത്തെ പഴക്കമുണ്ട്. 1989-ൽ നായനാർ ഗവണ്മെന്റിന്റെ പൂർണ്ണമായ അംഗീകാരത്തോടുകൂടിയാണ് ശ്രീ. കെ. ചന്ദ്രശേഖരൻ വിദ്യാഭ്യാസ വകുപ്പു മന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ തുടങ്ങിയതാണ്. വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കാൻ തുടങ്ങിയതാണ്. ബി.എഡ്. സെന്ററിൽ 100 സീറ്റെടുത്താൽ 50 ശതമാനം ഓപ്പൺ മെറിറ്റും 50 ശതമാനം സംവരണവും. പതിനയ്യായിരം സീറ്റ് വെട്ടിക്കു

LIBRARY ARCHIVES Kerala Legislative Assembly

റയ്ക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗത്തിന് ആയിരക്കണക്കിന് സീറ്റുകൾ നഷ്ടപ്പെടുകയാണ്. ഈഴവ സമുദായം, മുസ്ലീം സമുദായം, ലത്തീൻ കത്തോലിക്കാ സമുദായമടക്കമുള്ള പിന്നോക്ക സമുദായങ്ങൾക്ക് 7,500 സീറ്റാണ് നഷ്ടപ്പെടുന്നത്. സാമൂഹികനീതിയുടെ കടയ്ക്കൽ കത്തിവച്ച് വിദ്യാഭ്യാസകച്ചവടം നടത്തുന്ന കർണ്ണാടകത്തിലെയും അതുപോലുള്ള സംസ്ഥാനങ്ങളിലെയും കാലിത്തൊഴുത്തുകളേക്കാൾ ദയനീയമായിരുന്ന ബി.എഡ്. സെന്ററുകൾക്ക് അംഗീകാരം കൊടുത്തുകൊണ്ട്, കേരളത്തിൽത്തന്നെ മലബാറിലെ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു അൺഎയ്ഡഡ് കോളേജിന് അംഗീകാരം കൊടുത്തുകൊണ്ട് വിദ്യാഭ്യാസക്കച്ചവടക്കാർ കോഴവാങ്ങിച്ചുവെന്ന് ഞാൻ ഗുരുതരമായി ആരോപിക്കുകയാണ്. കോഴ വാങ്ങിച്ചുകൊണ്ട് എൻ.സി.റ്റി.ഇ.യിലെ പ്രമാണിമാർ പാർലമെന്റു പാസ്സാക്കിയ ഒരു നിയമത്തിന്റെ മറവിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക ട്രെയിനിംഗ് കോളേജിനെ തകർക്കാൻ ശ്രമിക്കുന്നുവെന്ന് ഞാൻ ആരോപിക്കുകയാണ്. ഇതു മാത്രമല്ല. ബി.എഡ്.നു കറസ്പോണ്ടൻസ് കോഴ്സ് ആകാമെന്ന് പറയുന്നു. എത്ര വിചിത്രമാണിത്. ഔദ്യോഗിക കോഴ്സ് പാടില്ല. കറസ്പോണ്ടൻസ് കോഴ്സ് നടത്താം. അപ്പോൾ ക്വാളിറ്റിയല്ല യഥാർത്ഥ പ്രശ്നം. മറ്റെന്തോ ആണ്. കേരളത്തിലെ റ്റി.റ്റി.ഐ. കൾ മുഴുവൻ അടച്ചുപൂട്ടാൻ പറഞ്ഞിരിക്കുകയാണ്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ മുഴുവൻ അടച്ചു പൂട്ടുന്നതിനു നോട്ടീസ് കൊടുത്തിരിക്കുകയാണ്. ഒറ്റപ്പെട്ട സംഭവമല്ല. ബി.ജെ.പി. വർഗ്ഗീയ ഗവണ്മെന്റ് വന്നതിനുശേഷമാണ് ഇത്ര വൃത്തികേടുകൾ തുടങ്ങിയിരിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ ഘടനയെ തകർത്ത്, സാക്ഷര കേരളത്തിലെ വിദ്യാഭ്യാസ ഘടനയെ തകർത്ത് കർണ്ണാടകത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും വിദ്യാഭ്യാസ ചന്തപോലെ നാലണയ്ക്ക് നിങ്ങൾക്ക് ഒരു കോളേജ് തരാം എന്നു പറയുന്ന, സീറ്റു തരാമെന്ന് പറയുന്ന, ആ വിദ്യാഭ്യാസ ചന്തപോലെ കേരളത്തെ മാറ്റാൻ സമ്മതിക്കുവാൻ പാടില്ല എന്ന് ഞാൻ പറയുകയാണ്. ഈ എൻ.സി.റ്റി.ഇ. യ്ക്ക് ഒരു കാര്യം ചെയ്യാമായിരുന്നല്ലോ. ഞങ്ങൾ 5 കൊല്ലക്കാലം തരുന്നു. ഞങ്ങളുടെ നിർദ്ദേശങ്ങൾ ഇതാണ്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലബ്ധപ്രതിഷ്ഠമായ കേരളത്തിലെ ഈ ഉന്നത വിദ്യാഭ്യാസ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ ഇന്നയിന്ന മാറ്റങ്ങൾകൂടി ഞങ്ങൾ ആവശ്യപ്പെടുന്നു. ക്വാളിറ്റിയെ ഉദ്ദേശിച്ചാണ്. ഞങ്ങൾ തള്ളുകയില്ല. അങ്ങനെ പറഞ്ഞുകൊണ്ട് ആകാം. ഗുരുതരമായ പ്രശ്നം ഉന്നയിക്കുന്നു. ഞാൻ മനസ്സിലാക്കുന്നത് ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ്സിൽ ഫ്രണ്ട് പേജിൽ വിശദമായ ഒരു ലേഖനമുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റി, ഹൈക്കോടതിയിൽ പോകുവാൻ പോകുകയാണ്. അതിരിക്കട്ടെ, നമ്മുടെ സെക്രട്ടറി, ഈ ഗവണ്മെന്റിന്റെ വിദ്യാഭ്യാസ സെക്രട്ടറി, ജനറൽ എഡ്യൂക്കേഷൻ സെക്രട്ടറി വളരെവളരെ വിവരമുള്ള ശ്രീ. കെ. ജയകുമാർ ഇതിൽ അംഗമാണ്. ശ്രീ. കെ. ജയകുമാർ കൂടി ഇരുന്നുകൊണ്ടാണ് ഈ തരത്തിലുള്ള തീരുമാനം എടുത്തത്. ഈ നിരോധിക്കലിൽ പങ്കാളി ആയത് എന്ന് പത്രങ്ങൾ എഴുതിയിരിക്കുന്നു. ഇതു ഗവണ്മെന്റിന്റെ നയമാണോ? ഗവണ്മെന്റ് പറഞ്ഞോ അടച്ചുപൂട്ടാൻ? അടച്ചുപൂട്ടിയാൽ പതിനയ്യായിരം വരുന്ന വിദ്യാർത്ഥികൾ എവിടെ പോകും? അവർ കർണ്ണാടകത്തിലേയ്ക്ക് ലക്ഷക്കണക്കിനു രൂപയുമായി പോകണമെന്നാണോ? കുറച്ചുപേരേ പോകൂ. എല്ലാപേരും പോകുകയില്ല. ഞാൻ വിശദീകരിക്കുന്നില്ല. മലയാളം ബി.എഡ്. ന്റെ റാങ്ക് ലിസ്റ്റ് ഞാൻ നോക്കി. എനിക്ക് അറിയാവുന്ന ഒരു കുട്ടി 61 ശതമാനം മാർക്കോടുകൂടി ഫസ്റ്റ് ക്ലാസ്സ് മലയാളത്തിനുണ്ട്. ബി.എഡ്. റാങ്ക് ലിസ്റ്റിലില്ല. സാമാന്യം ഉന്നതമായ മാർക്കാണ് 61 ശതമാനം എന്നത്. എന്നിട്ടും മലയാളത്തിനുപോലും ബി.എഡ്. നു കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല. അത്ര

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ഉയർന്ന മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ പ്രവേശനം നൽകുന്നത്. എൻ.സി.ടി.ഇ. യുടെ തീരുമാനത്തിനെതിരെ ഈ നാടു മുഴുവൻ പ്രതിഷേധമാണ്. നമ്മുടെ ഉന്നതമായ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെ കടന്നാക്രമിക്കുകയാണ്. ഇതിൽ അഴിമതി ഉണ്ടെന്ന് വ്യക്തമായി ഞാൻ ആരോപിക്കുന്നു. കാരണം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറായിരിക്കെ, വിദ്യാഭ്യാസ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ കുപ്രസിദ്ധനായ ആളടക്കം ഒരാൾ ഇരുന്നുകൊണ്ടാണ് ഈ തീരുമാനം എടുക്കുന്നത്. കമ്മിറ്റിയുടെ സ്റ്റാറ്റ്യൂട്ടറി റൈറ്റ്സിനെ നിഷേധിക്കുകയല്ല. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ പുതുക്കിപ്പണിയണമെന്ന്, സർക്കാരിയാ കമ്മീഷൻ റിപ്പോർട്ട് അടക്കം നടപ്പാക്കണമെന്ന് നാം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു സംസ്ഥാനത്തിനു ലഭിച്ച വിദ്യാഭ്യാസ അവകാശങ്ങളെ, പാർലമെന്റ് സദുദ്ദേശപൂർവ്വം പാസ്സാക്കിയ നിയമത്തിന്റെ മറപിടിച്ചുകൊണ്ട് തകർക്കുവാൻ ശ്രമിക്കുന്ന ഈ വിദ്യാഭ്യാസ വിദഗ്ദ്ധർ വിദ്യാഭ്യാസ വിരുദ്ധരാണ്. അവരുടെ വൈദഗ്ദ്ധ്യം ആവശ്യമില്ല. ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിനു കാര്യമായ സാവകാശം വേണം. അത് വിദ്യാഭ്യാസ മന്ത്രി അറിയണം, അത് ഗവണ്മെന്റ് അറിയണം, വൈസ് ചാൻസിലർമാർ അറിയണം, സിൻഡിക്കേറ്റുകൾ അറിയണം, ഈ രാജ്യത്തെ നിയമസഭ അറിയണം. ഈ നിയമസഭ സ്ഥാപിച്ച യൂണിവേഴ്സിറ്റികളാണിത്. ഈ നിയമസഭ സ്ഥാപിച്ച യൂണിവേഴ്സിറ്റികളെ പത്രങ്ങളിൽക്കൂടി ബ്ലേഡ് കമ്പനികളെ പോലെ അപമാനിക്കുന്ന ഈ എൻ.സി.റ്റി.ഇ. ക്ക് മാപ്പു കൊടുക്കുവാൻ പാടില്ല. ഞാൻ വ്യക്തിപരമായിട്ട് അഭിപ്രായം പറയട്ടെ, സംസ്ഥാന ഗവണ്മെന്റുകൾ ഈ നിർദ്ദേശങ്ങൾ മാനിക്കേണ്ട കാര്യമില്ല. ഇവിടെ ആരും പഠിക്കണ്ടാ എന്നു പറയുവാൻ അവർ ആരാണ്? അങ്ങനെ ആണെങ്കിൽ നിങ്ങളുടെ അംഗീകാരം ഞങ്ങൾക്ക് വേണ്ട. ഞങ്ങൾ ഈ സംസ്ഥാനത്ത് ബി.എഡ്. കാരെ നിയമിച്ചുകൊള്ളാം എന്ന് ചങ്കൂറ്റത്തോടെ പറയേണ്ടതിനെപ്പറ്റി ആലോചിക്കേണ്ടിവരും. അവർ മര്യാദ പഠിച്ചില്ലെങ്കിൽ സ്റ്റേറ്റിനു ഇങ്ങനെയും ചില അധികാരം ഉണ്ടെന്ന് നമ്മൾ ചിലപ്പോൾ കാണിച്ചുകൊടുത്തിട്ടുണ്ട്. ഇനിയും വേണ്ടി വന്നേയ്ക്കും. അതുകൊണ്ട് ഈ ചന്ദ്രഹാസമിളക്കൽ നിർത്തി നിരോധനവാൾ താഴെവയ്ക്കുവാൻ പറയൂ. ഈ വീമ്പിളക്കൽ നിർത്താൻ പറയൂ. റിട്ടയർ ചെയ്ത് വീട്ടിൽ കുത്തിയിരിക്കേണ്ട വൈസ് ചാൻസിലറന്മാർ ഇതു പോലെ കമ്മിറ്റിയിൽ കയറിയിരുന്നു യൂണിവേഴ്സിറ്റിയിൽ അവർക്ക് വ്യക്തിപരമായി എതിർപ്പുള്ളതിനെ തകർക്കുവാൻ ശ്രമിക്കുന്നത് അവസാനിപ്പിക്കണം. കോടിക്കണക്കിനു രൂപയുടെ അഴിമതിയ്ക്കും വഴിയൊരുക്കുന്നതും വെളിയിലുള്ള വിദ്യാഭ്യാസ കച്ചവട ഏജന്റുമാരെ പ്രീതിപ്പിക്കുവാനുള്ള സമ്പ്രദായവുമാണിത്. ബി.ജെ.പി. ഗവണ്മെന്റ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ തകർക്കുവാൻ നടത്തുന്ന പരിശ്രമങ്ങൾ ചെറുക്കണം. എൻ.സി.റ്റി.ഇ. യുടെ വഴിവിട്ടുപോക്കിനെ തടയണമെന്നും ഈ വർഷം അഡ്മിഷൻ അനുവദിച്ച് മുന്നോട്ടുപോകുവാൻ ഗവണ്മെന്റ് ഉത്തരവ് ഇറക്കണമെന്നും ഗവണ്മെന്റ് സെക്രട്ടറി ഇതിലെടുത്ത നിലപാട് യൂണിവേഴ്സിറ്റിയുമായി ആലോചിച്ചാണോ എന്നുള്ളത് വ്യക്തമാക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : 1993-ൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിലൂടെയാണ് എൻ.സി.റ്റി.ഇ. (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ) നിലവിൽ വന്നത്. അദ്ധ്യാപക പരിശീലന രംഗത്തെ ക്രമീകരണങ്ങളും ഗുണകരമായ മാറ്റങ്ങളും വരുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് എൻ.സി.റ്റി.ഇ. നിലവിൽവന്നത്. ആൾ ഇൻഡ്യാ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, ആൾ ഇൻഡ്യ കൗൺസിൽ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ എന്നിങ്ങനെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ദേശീയ കൗൺസിലുകളുടെ മാതൃകയി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് എൻ.സി.റ്റി.ഇ. പ്രവർത്തിക്കുന്നത്. അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾ അവശ്യം പാലിക്കേണ്ട മാനദണ്ഡങ്ങളും സൗകര്യങ്ങളും ഈ കൗൺസിൽ നിഷ്കർഷിച്ചിട്ടുണ്ട്. റ്റി.റ്റി.ഐ. കളും ബി.എഡ്. കോളേജുകളും ഈ കൗൺസിലിന്റെ പരിധിയിൽവരുന്നു. ഇവിടെ വച്ചിട്ടുള്ള നിബന്ധനകൾ റ്റി.റ്റി.ഐ. കോളേജ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:12 എന്നും, ബി.എഡ്. കോളേജുകളുടെ അനുപാതം 1:10 എന്നും അംഗീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ക്ളാസ്സ് മുറികളുടെ വിസ്തീർണ്ണം, ലാബുകളുടെ ലഭ്യതാ സൗകര്യം, ലൈബ്രറി, സ്റ്റാഫ് ക്വാർട്ടേഴ്സ്, അദ്ധ്യാപക നിയമനങ്ങൾ ഫർണിച്ചറുകൾ ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം ഇതിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. നിയമപരമായി എല്ലാ അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളും നിശ്ചിത സമയത്തിനുള്ളിൽ എൻ.സി.റ്റി.ഇ. യുടെ അംഗീകാരം വാങ്ങേണ്ടതാണ്. പല സ്ഥാപനങ്ങളും പരിശോധിച്ച് നിബന്ധനകൾ പാലിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിരമോ താല്ക്കാലികമോ ആയ അംഗീകാരം കൊടുക്കുകയാണ് പതിവ്. അങ്ങനെ അംഗീകാരം നേടിയിട്ടുള്ള സ്ഥാപനങ്ങൾ ഈ സംസ്ഥാനത്തുതന്നെയുണ്ട്. അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഗുരുതര പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. കഴിഞ്ഞവർഷവും ഇതുപോലെ കർശനമായ നിലപാട് സ്വീകരിച്ച് എൻ.സി.റ്റി.ഇ. മുന്നോട്ടുപോയതാണ്. ഇവിടെ അദ്ദേഹം പറയുന്ന ഒരു കാര്യം കേരളത്തിന്റെ പ്രതിനിധിയായിട്ടുള്ള പൊതു വിദ്യാഭ്യാസ സെക്രട്ടറി ഈ കാര്യത്തിൽ നിലപാട് സ്വീകരിച്ചു എന്നുള്ളതാണ്. ഇതിന് സാവകാശം വേണം, ഈ വർഷം നടപ്പാക്കരുതെന്ന് ശക്തമായ നിലപാട് നമ്മൾ സ്വീകരിച്ചു. ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിൽ, ലബോറട്ടറി സൗകര്യം, ലൈബ്രറി സൗകര്യം, ഫർണിച്ചർ, ആവശ്യമുള്ള കെട്ടിടങ്ങൾ തുടങ്ങിയവയെപ്പറ്റി തർക്കിക്കുകയല്ല. ആ കാര്യങ്ങളൊക്കെ ഒരു സ്ഥാപനത്തിനുവേണം. എന്നാൽ ടീച്ചേഴ്സ് സ്റ്റുഡൻസ് റേഷ്യോ 1:10, 1:12 ഇത് ആവശ്യമില്ലാത്ത ഒരു കാര്യമാണ്. അടിസ്ഥാനപരമായി ഈ സമീപനം മാറ്റണം. എൻ.സി.റ്റി.ഇ. അങ്ങനെ ഒരു തീരുമാനം എടുത്തിരിക്കാം. ഈ സമീപനം മാറ്റണമെന്ന് ശക്തമായി നമ്മൾ നിർദ്ദേശിക്കുന്നു.

<u>ശ്രീ. പാലോട് രവി</u> : എന്നാൽ അത് ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്.

<u>ശ്രീ. പി.ജെ. ജോസഫ്</u> : എന്തടിസ്ഥാനത്തിലാണ് പറയുന്നത്. ഒന്നും അറിയാതെ വെറുതെ സംസാരിക്കരുത്. സംസ്ഥാന ഗവണ്മെന്റ് അതിശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. 1:10 അംഗീകരിക്കുവാൻ കഴിയുകയില്ല. 1:12 അംഗീകരിക്കുവാൻ കഴിയുകയില്ല. നമ്മുടെ പ്രതിനിധികൾക്ക് കമ്മിറ്റിയിൽപോയി പറയുവാനേ കഴിയുകയുള്ളൂ. നമ്മുടെ നിലപാട് പറയുവാനേ പറ്റുകയുള്ളൂ. അവർ ഒരു തീരുമാനം എടുക്കുന്നതിൽ, നമ്മുടെ നിലപാട് എന്താണെന്ന് മനസ്സിലാക്കാതെ പറഞ്ഞിട്ട് കാര്യമുണ്ടോ. കേരള സംസ്ഥാന ഗവണ്മെന്റിന്റെ ശക്തമായ നിലപാട് 1:10 ഉം 1:12 ഉം നടപ്പാക്കുവാൻ പാടില്ല. ഇപ്പോൾ 1:20 ആണ്. ഈ അനുപാതം 1:10 ആക്കി ഒരിക്കലും കുറയ്ക്കുന്നത് ശരിയല്ല. റ്റി.റ്റി.ഐ. യെ സംബന്ധിച്ച് 1:12, 1:10 ഇത് മാറ്റണമെന്ന ശക്തമായ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. മറ്റ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിൽ ആവശ്യമായ കെട്ടിട സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ ഇല്ലെന്ന് കണ്ടിട്ടാണ് ഇപ്പോൾ 29 സ്ഥാപനങ്ങളിൽ ഈ തവണ ക്ളാസ്സ് നടത്തരുതെന്ന് നോട്ടീസ് കൊടുത്തത്. വീണ്ടും ഈ മാസം 8,9 തീയതികളിൽ ബാംഗ്ളൂരിൽ യോഗം ചേരുന്നുണ്ട്. കേരള സംസ്ഥാന ഗവണ്മെന്റ് ശക്തമായ നിലപാട് വേണമെന്ന് പറയുന്നതാണ്. നമുക്ക് സമയം വേണം. ടീച്ചേഴ്സ് സ്റ്റുഡൻസ് റേഷ്യോ നിറുത്തലാക്കുക എന്നുള്ള സമീപനം എടുത്തിട്ടില്ല എന്നാണ് അറിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

[10 A.M.] സർ, മറ്റു ഇൻഫ്രാസ്ട്രക്ച്ചറിനാണ്. ഇപ്പോൾ സ്ട്രെസ് കൊടുക്കുന്നത്. അതിനും കുറച്ചു സാവകാശം വേണം. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം നമ്മൾ ടീച്ചേഴ്സ്-സ്റ്റുഡന്റ് റേഷ്യോ നിലവിലുള്ളതനുസരിച്ച് തന്നെ ക്ളാസ്സ് നടത്തി. ഈ വർഷം നോട്ടീസ് അയച്ചിരിക്കുന്നു. അതിനെ എതിർക്കുന്നതിനുവേണ്ടി ഈ മാസം 8,9 തീയതികളിൽ നമ്മുടെ പ്രതിനിധികൾ പോകുന്നതാണ്. പക്ഷെ മറ്റ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിൽ നമുക്കു സൗകര്യങ്ങളുണ്ടാക്കണം. അതുണ്ടാകുകയില്ല എന്ന നിലപാട് നമ്മൾ എടുക്കാൻ പറ്റില്ല. പക്ഷെ കുറച്ചു സമയം വേണം. കേന്ദ്രഗവണ്മെന്റുമായി ബന്ധപ്പെടുന്നുണ്ട്. കഴിഞ്ഞ വർഷവും ഈ പ്രതിസന്ധി ഉണ്ടായിരുന്നതാണ്. അപ്പോൾ ഒരു വർഷത്തേയ്ക്ക് നീട്ടി തന്നു. ഈ വർഷവും ആ നിലപാട് സ്വീകരിക്കണമെന്നു തന്നെയാണ് സംസ്ഥാനഗവണ്മെന്റിന്റെ ആവശ്യം. 1993-ൽ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമമാണിത്. ആ നിയമത്തെ ഇവിടെയിരുന്നു വെല്ലുവിളിച്ചിട്ടു കാര്യമില്ല. കോൺഗ്രസ് ഗവണ്മെന്റിന്റെ കാലത്തു പാസ്സാക്കിയ നിയമമാണ്. ആ നിയമം നടപ്പാക്കാൻ കേരള സംസ്ഥാനത്തിന് സാവകാശം വേണം. അതിനു സൗകര്യങ്ങൾ ഏർപ്പെടുത്തണം. രണ്ടാമതായി, ടീച്ചേഴ്സ്-സ്റ്റുഡന്റ്സ് റേഷ്യോ ഇന്നുള്ളത് അംഗീകരിക്കാൻ നിവൃത്തിയില്ല. അതാവശ്യമുള്ള കാര്യവുമല്ല. ഇത്തരമൊരു സമീപനമാണ് സംസ്ഥാന ഗവണ്മെന്റിനുള്ളത്. ഇന്നുള്ള ഈ സെന്ററുകൾ ഒന്നും തന്നെ അടച്ചുപൂട്ടാൻ ഇടയാകരുത്. തുടർന്ന് അഡ്മിഷൻ നടത്താനും കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാക്കണമെന്നുള്ള ശക്തമായ നിലപാടാണ് സംസ്ഥാന ഗവണ്മെന്റിനുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഈ സഭയിലുള്ള ഏകദേശമെല്ലാവർക്കും ഈ കാര്യത്തിലുള്ള വികാരം സംസാരിക്കാതെ തന്നെ വ്യക്തമായിരിക്കുന്നു. സംസ്ഥാനത്താകെ ഈ കാര്യത്തിൽ വ്യക്തമായ വികാരം ഉള്ള സ്ഥിതിക്ക് കേരള സംസ്ഥാനത്തിന്റെയും സർവ്വകലാശാലകളുടെയും നേരെയുള്ള കടന്നാക്രമണം കൂടി ഇതിനകത്തുണ്ട് എന്നു തറപ്പിച്ചു പറഞ്ഞുകൊണ്ട്, സാങ്കേതിക പ്രശ്നം മാത്രമല്ല, കേരളത്തിലെ സർവ്വകലാശാലകൾ അവർക്കധികാരമുള്ള പ്രകാരം ഇതു നടത്താൻ ശ്രമിക്കുമ്പോൾ ഉള്ള സാങ്കേതികമായ പ്രശ്നം ന്യായമായി പരിഹരിക്കേണ്ടതിന് കാര്യമായ സാവകാശം നൽകികൊണ്ട് ഇപ്പോൾ അഡ്മിഷനുകൾ ആരംഭിക്കാൻ ഗവണ്മെന്റ് നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഇക്കാര്യത്തിൽ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സമിതിയുടെ തീരുമാനം അതേപടി നമുക്കു തള്ളിക്കളയാൻ കഴിയുകയില്ല. എന്നാൽ ആ സമിതിയുടെ ന്യായമായ നിലപാട് ആവർത്തിച്ച് സ്വീകരിക്കുകയും ഇക്കാര്യത്തിൽ സാവകാശവും വേണം. ഈ വർഷം ഇതു നടപ്പാക്കരുതെന്നുള്ള ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യും.

IV. സബ്മിഷൻ

(1) കല്ലറ-പാങ്ങോട് മദ്യ-മാഫിയ സംഘത്തിന്റെ അക്രമം

<u>ശ്രീ. പാലോട് രവി</u> : സർ, അടിയന്തിരപ്രമേയമായി ഇതു കൊണ്ടുവരാൻ കാരണം മേയ് 9-ാം തീയതി നടന്ന സംഭവം സഭയിൽ കൊണ്ടുവരാൻ വേണ്ടിയാണ്. മേയ് 9-ാം തീയതി നടന്ന സംഭവത്തിനുശേഷം ജൂൺ മാസം 7-ാം തീയതിയും 21-ാം തീയതിയും ഒരേ സ്ഥലത്ത് നാലു തവണ ഹർത്താൽ നടന്നിരിക്കുന്നു. മുഖ്യമന്ത്രി ഇവിടെയിരുന്ന് വിളിച്ചാൽ വിളി കേൾക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly